# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2934</u>      <u>15.02.2013 - ൽ മറുപടിക്ക്</u>

## <u>ബധിര സ്കൂളുകളെ എയ്ഡഡാക്കാനുള്ള പദ്ധതി</u>

<u>ചോദ്യം</u>      <u>ഉത്തരം</u>

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.ജോസഫ് വാഴക്കൻ
ശ്രീ.സി.പി.മുഹമ്മദ്
ശ്രീ.വി.ഡി.സതീശൻ

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

---

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ബധിര സ്കൂളുകളെ എയ്ഡഡാക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സർക്കാർ ഉത്തരവ് നം.(എം.എസ്) നം.292/12/പൊ.വി.വ. തീയതി. 20.9.2012 പ്രകാരം 5 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുകയും നിലവിൽ എയ്ഡഡ് പദവിയുള്ള 3 സ്കൂളുകളുടെ ഹൈസ്കൂൾ വിഭാഗത്തിനും മൂന്ന് എയ്ഡഡ് ഹൈസ്കൂളുകളിലെ ഹയർ സെക്കൻഡറി വിഭാഗത്തിനും എയിഡഡ് പദവി നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | ശാരീരികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് കൂടുതൽ മെച്ചപ്പെട്ട സൗജന്യ വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെയാണ് അൺ എയ്ഡഡ് സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയത്. |
| (സി) | പ്രസ്തുത പദ്ധതി വഴി വിദ്യാർത്ഥികൾക്ക്, എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | കുട്ടികൾക്ക് മെച്ചപ്പെട്ട സൗജന്യ വിദ്യാഭ്യാസവും ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് ബോർഡിംഗ് ഗ്രാന്റ്, സൗജന്യ താമസ സൗകര്യം, ഭക്ഷണം, യൂണിഫോം അലവൻസ് തുടങ്ങിയവ ലഭ്യമാക്കാനും സാധിക്കും. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്തനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | എയ്ഡഡ് പദവി നൽകിയിട്ടുള്ള സ്കൂളുകളിൽ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും മറ്റു ചെലവുകൾ കണക്കാക്കിയിട്ടില്ലാത്തതിനാലും ഇതുമൂലമുണ്ടാകുന്ന യഥാർത്ഥ സാമ്പത്തിക ബാദ്ധ്യത കണക്കാക്കിയിട്ടില്ല. എയ്ഡഡ് സ്കൂളിലെ ജീവനക്കാർക്ക് ഗവൺമെന്റ് നേരിട്ട് ശമ്പളം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ.